പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1557

15-02-2016 ൽ മറുപടിക്ക്

## കയ്പാട് കൃഷി സംരക്ഷണ പദ്ധതി

**ചോദ്യം**

ശ്രീ.റ്റി.വി. രാജേഷ്

**മറുപടി**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) കണ്ണൂർ ജില്ലയിലെ പട്ടുവം, ഏഴോം, ചെറുകുന്ന്, കണ്ണപുരം എന്നീ പരമ്പരാഗത കയ്പാട് കൃഷിയുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെ.എൽ.ഡി.സി (കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ) സമർപ്പിച്ച പദ്ധതി റിപ്പോർട്ട് നബാർഡിന്റെ RIDF XXI ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br>(ബി) കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രോജക്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) യും (ബി) യും | ഉണ്ട്. കയ്പാട് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ആയി കേരള ലാന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ 1023.51 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുകയും ആയത് RIDF XXI-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 10-02-2016 ലെ സ.ഉ(സാധാ) നം. 104/16/കൃഷി പ്രകാരം പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ